ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 23.04.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. തമിഴ്നാട്ടിലും, പശ്ചിമബംഗാളിലെ ഒന്നാംഘട്ടത്തിലേക്കുമുള്ള നിയമസഭ തിരഞ്ഞെടുപ്പിൻറെ വോട്ടെടുപ്പ് ആരംഭിച്ചു

   Polling has begun for all assembly seats in Tamil Nadu and first phase of assembly elections in West Bengal

2. തൃശ്ശൂർ മുണ്ടത്തിക്കോട് അപകടത്തിൻറെ പശ്ചാത്തലത്തിൽ തൃശ്ശൂർ പൂരം നടത്തിപ്പ് സംബന്ധിച്ച് തീരുമാനം എടുക്കുന്നതിന് ഇന്ന് സംസ്ഥാന സർക്കാർ ഉന്നത തല യോഗം ചേരും.

   The state government will hold a high-level meeting today to take decision regarding the conduct of the Thrissur Pooram in the wake of the Mundathikode accident in Thrissur.

3. ഓൺലൈൻ ഗെയിമിംഗ് നിയമങ്ങൾ 2026 സംബന്ധിച്ച വിജ്ഞാപനം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചു. നിയമം അടുത്ത മാസം 1 മുതൽ പ്രാബല്യത്തിൽ.

   Government notifies Online Gaming Rules 2026; norms to be effective from 1st of next month

4. പശ്ചിമേഷ്യയിൽ സമാധാനവും സ്ഥിരതയും നിലനിർത്തുന്നതിനുള്ള എല്ലാ ശ്രമങ്ങളും സ്വാഗതം ചെയ്യുന്നതായി ഇന്ത്യ.

   India welcomes all efforts to maintain peace and stability in the Middle East.

5. കേരളത്തിൽ കനത്ത ചൂട് തുടരും. പാലക്കാട് ജില്ലയിലെ മലമ്പുഴയിൽ ഇന്നലെ രേഖപ്പെടുത്തിയത് 41 ഡിഗ്രി സെൽഷ്യസ്.

   Kerala will continue to experience extreme heat. Malampuzha in Palakkad district recorded a temperature of 41 degrees Celsius yesterday.

6. ഐപിഎൽ ക്രിക്കറ്റിൽ ലഖ്നൗ സൂപ്പർ ജയന്റ്സിനെതിരെ രാജസ്ഥാൻ റോയൽസിന് 40 റൺസിന്റെ ജയം.

   Rajasthan Royals beat Lucknow Super Giants by 40 runs in IPL cricket.

❁❁❁❁❁❁❁❁❁❁❁❁❁

## TN WB ELECTION (INTRO)

തമിഴ്നാട്ടിലും, പശ്ചിമബംഗാളിലെ ഒന്നാംഘട്ടത്തിലേക്കുമുള്ള നിയമസഭ തിരഞ്ഞെടുപ്പിൻറെ വോട്ടെടുപ്പ് ആരംഭിച്ചു. രാവിലെ 7 മണിക്ക് ആരംഭിച്ച പോളിംഗ് വൈകുന്നേരം 6 മണി വരെ നീളും.

*വിശദാംശങ്ങളിലേക്ക്...*

*(വോയിസ്)*

❁❁❁❁❁❁❁❁❁❁❁❁❁

**TN WB ELECTION (VOICE)**

തമിഴ്നാട്ടിലെ 234 നിയമസഭാ മണ്ഡലങ്ങളിലേക്ക് ഒറ്റഘട്ടമായാണ് വോട്ടെടുപ്പ് നടക്കുന്നത്. അഞ്ച് കോടി 73 ലക്ഷത്തിലധികം വോട്ടർമാരാണ് തമിഴ്നാട്ടിൽ സമ്മതിദാന അവകാശം വിനിയോഗിക്കുക. 4,023 സ്ഥാനാർത്ഥികളാണ് ജനവിധി തേടുന്നത്. സുരക്ഷക്കായി ഏകദേശം 84,000 പോലീസ് ഉദ്യോഗസ്ഥരെ സംസ്ഥാനത്തുടനീളം വിന്യസിച്ചിട്ടുണ്ട്. ഇതിനുപുറമെ, സിആർപിഎഫ് സിഎപിഎഫ് സംഘങ്ങളുമുണ്ട്. പശ്ചിമ ബംഗാളിൽ 152 നിയമസഭാ മണ്ഡലങ്ങളിലാണ് ഇന്ന് ആദ്യഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്നത്. 2,407 കമ്പനി CAPF സംഘത്തെ ഇവിടെ വിന്യസിച്ചിട്ടുണ്ട്. 2.4 ലക്ഷത്തിലധികം ഉദ്യോഗസ്ഥരാണ് വോട്ടെടുപ്പ് ഡ്യൂട്ടിയിലുള്ളത്. 1,478 സ്ഥാനാർത്ഥികളാണ് ജനവിധി തേടുന്നത്. 44,000 ലേറെ പോളിങ്ങ് ബൂത്തുകളാണ് ക്രമീകരിച്ചിരിക്കുന്നത്. രണ്ടാം ഘട്ട വോട്ടെടുപ്പ് ഈ മാസം 29 നാണ്. നിയമസഭ തിരഞ്ഞെടുപ്പ് നടക്കുന്ന കേരളമടക്കമുള്ള സംസ്ഥാനങ്ങളിലും പുതുച്ചേരിയിലും വോട്ടെണ്ണൽ മെയ് നാലിനാണ്.

## TN ELECTION HOLIDAY

തമിഴ്നാട് നിയമസഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് കേരളത്തിലെ വിവിധ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന തമിഴ്നാട് സ്വദേശികളായ വോട്ടർമാർക്ക് പോളിംഗ് ദിനമായ ഇന്ന് ശമ്പളത്തോട് കൂടിയ അവധി പ്രഖ്യാപിച്ചു. ദിവസവേതനക്കാർക്കും താൽക്കാലിക ജീവനക്കാർക്കും അവധി ബാധകമാണ്. തമിഴ്നാട്ടിലും പശ്ചിമ ബംഗാളിലും വോട്ടർമാരായി രജിസ്റ്റർ ചെയ്തിട്ടുള്ള പുതുച്ചേരിയിലുള്ള ജീവനക്കാർക്കും വോട്ട് രേഖപ്പെടുത്താൻ ശമ്പളത്തോട് കൂടിയ അവധി നൽകി.

## SC-IPAC-WB RAIDS

കൊൽക്കത്തയിൽ എൻഫോഴ്സ്മെന്റ് ഡയറക്ട്രേറ്റ് നടത്തുന്ന അന്വേഷണത്തിൽ പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി ഇടപെട്ടെന്നാരോപണത്തിൽ രൂക്ഷ വിമർശനവുമായി സുപ്രീം കോടതി. നിലവിലുള്ള അന്വേഷണത്തിൽ മുഖ്യമന്ത്രിയെന്ന നിലയിൽ മമത ബാനർജി ഇടപെടുകയാണെങ്കിൽ ജനാധിപത്യം തന്നെ അപകടത്തിലാകുമെന്നും കോടതി നിരീക്ഷിച്ചു. കള്ളപ്പണം വെളുപ്പിക്കൽ കേസുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ മുഖ്യമന്ത്രി മമത ബാനർജിയും സംസ്ഥാന ഉദ്യോഗസ്ഥരും

ഇടപെട്ടുവെന്ന് ആരോപിച്ച് ഇഡി നൽകിയ ഹർജിയിലാണ് കോടതി വാദം കേട്ടത്. വാദം ഇന്നും തുടരും.

## ECI KHARGE

പ്രധാനമന്ത്രി നരേന്ദ്ര മോദിക്കെതിരെ അപമാനകരമായ പരാമർശങ്ങൾ നടത്തിയ എന്ന ആരോപണത്തിൽ കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖർഗേയ്ക്ക് തിരഞ്ഞെടുപ്പ് കമ്മീഷൻ കാരണം കാണിക്കൽ നോട്ടീസ് അയച്ചു. ചെന്നൈയിൽ നടത്തിയ വാർത്താസമ്മേളനത്തിനിടെയാണ് ശ്രീ ഖർഗെ ഇത്തരം പരാമർശങ്ങൾ നടത്തിയത്. 24 മണിക്കൂറിനുള്ളിൽ നിലപാട് വ്യക്തമാക്കണമെന്നും നോട്ടീസിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

## THRISSUR –ACCIDENT

തൃശ്ശൂർ മുണ്ടത്തിക്കോട് വെടിക്കെട്ടുപുര സ്ഫോടനത്തിൻറെ പശ്ചാത്തലത്തിൽ തൃശ്ശൂർ പൂരം നടത്തുന്നത് സംബന്ധിച്ച് തീരുമാനം എടുക്കുന്നതിന് ഇന്ന് കളക്ടറേറ്റിൽ സർക്കാർ ഉന്നത തലയോഗം ചേരും. അതേസമയം, പൂരം ഇത്തവണ വെടിക്കെട്ടില്ലാതെ നടത്താൻ തീരുമാനിച്ചതായി തിരുവമ്പാടി - പാറമേക്കാവ് ദേവസ്വങ്ങൾ വ്യക്തമാക്കി. ദേവസ്വം ഭാരവാഹികളുടെ യോഗത്തിൽ എടുത്ത തീരുമാനം.

സർക്കാരിൻറെ ഉന്നത തല യോഗത്തിൽ അറിയിക്കും. സ്ഫോടനവുമായി ബന്ധപ്പെട്ട് ഫോറൻസിക് ഡിപ്പാർട്ട്മെന്റ് പ്രാഥമിക അന്വേഷണവും തെളിവുശേഖരണവും പൂർത്തിയാക്കി.

അന്തിമ റിപ്പോർട്ട് ഉടൻ സമർപ്പിക്കും. നാളെ വരെ തിരുവമ്പാടി ദേവസ്വം ദുഃഖാചരണം ആചരിക്കും. ചമയ പ്രദർശനം 25-ാം തീയതിയിലേക്ക് മാത്രമായി ചുരുക്കിയിട്ടുണ്ട്. സംഭവത്തിൽ സംസ്ഥാന സർക്കാർ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചിട്ടുണ്ട്. അതേസമയം അപകടത്തെ തുടർന്ന് വെന്റിലേറ്ററിൽ ചികിത്സയിൽ ആയിരുന്ന ഒരാൾ കൂടി ഇന്നലെ മരിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

**THRISSUR-COLLECTOR**

തൃശ്ശൂർ വെടിക്കെട്ട് അപകടത്തിനിരയായവരുടെ

9 മൃതദേഹങ്ങളിൽ നിന്നും എട്ട് പേരെ ഇതിനകം തിരിച്ചറിഞ്ഞതായി ജില്ല കളക്ടർ ശിഖ സുരേന്ദ്രൻ. 4 പേരെ കാണാതായതായി ബന്ധുക്കൾ ഇതിനകം വിവരം നൽകിയിട്ടുണ്ട്. മൃതദേഹങ്ങളിൽ നിന്നും, അപകട സ്ഥലത്തുനിന്ന് കിട്ടിയ ശരീര ഭാഗങ്ങളിൽ നിന്നും ഡിഎൻഎ സാമ്പിൾ ശേഖരിച്ചതായും കളക്ടർ വ്യക്തമാക്കി.

❁❁❁❁❁❁❁❁❁❁❁❁❁

## ONLINE GAMING(INTRO)

ഓൺലൈൻ ഗെയിമിംഗ് നിയന്ത്രണ നിയമങ്ങൾ 2026 സംബന്ധിച്ച വിജ്ഞാപനം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചു. അടുത്ത മാസം 1 മുതൽ നിയമം പ്രാബല്യത്തിൽ വരും.

***വിശദാംശങ്ങളിലേക്ക്....***
***(വോയിസ്)***

## ONLINE GAMING(VOICE)

ഓൺലൈൻ ഗെയിമിംഗ് നിയന്ത്രിക്കുക, ജനങ്ങളേയും സമ്പദ് വ്യവസ്ഥയെയും സംരക്ഷിക്കുക എന്നിവയാണ് ഈ നിയമങ്ങളിലൂടെ ലക്ഷ്യമിടുന്നത്. ഒരു ഓൺലൈൻ ഗെയിം, പണം ഉൾപ്പെട്ട ഗെയിമാണോ അല്ലെങ്കിൽ അനുവദനീയമായ ഇ-സ്പോർട്സാണോ എന്ന് വ്യക്തവും സുതാര്യവും സമയബന്ധിതവുമായ രീതിയിൽ നിർണ്ണയിക്കുന്നതിനുള്ള സംവിധാനം ഇതിലൂടെ ഒരുക്കാൻ സാധിക്കും. കൂടാതെ, ഓൺലൈൻ ഗെയിം സേവനദാതാക്കൾക്കായി നിർബന്ധിത ഉപയോക്തൃ സുരക്ഷാ സവിശേഷതകൾ, പരാതിനിവാരണ സംവിധാനം, സുതാര്യത എന്നിവയും നിർദ്ദേശിക്കുന്നു. ഓൺലൈൻ ഗെയിമിംഗ് മേഖലയ്ക്കായി ഏകീകൃതവും ഡിജിറ്റൽ അടിസ്ഥാനത്തിലുമുള്ള നിയന്ത്രണ ഏജൻസിയായ ഓൺലൈൻ ഗെയിമിംഗ് അതോറിറ്റി ഓഫ് ഇന്ത്യ സ്ഥാപിച്ചിട്ടുണ്ട്. ആറ് അംഗങ്ങളുള്ള അതോറിറ്റിയുടെ

ചെയർപേഴ്സൺ ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയത്തിലെ അഡീഷണൽ സെക്രട്ടറിയായിരിക്കും.

*ന്യൂസ് ഡെസ്ക്, ആകാശവാണി.*

❁❁❁❁❁❁❁❁❁❁❁❁❁

**WEST ASIA UPDATE**

ഹോർമുസ് കടലിടുക്കിൽ ഇറാൻ ഏർപ്പെടുത്തിയ നാവിക ഉപരോധം തുടരുന്നത് പശ്ചിമേഷ്യയിൽ സംഘർഷാവസ്ഥ രൂക്ഷമാകുന്നു. സുരക്ഷാ മാനദണ്ഡങ്ങൾ ലംഘിച്ചെന്ന് ആരോപിച്ച് രണ്ട് ചരക്കു കപ്പലുകൾ ഇസ്ലാമിക് റെവല്യൂഷണറി ഗാർഡ് കോർപ്പ് പിടിച്ചെടുത്തു. വെടിനിർത്തൽ തുടരുമെന്ന് അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് പ്രഖ്യാപിച്ചെങ്കിലും മേഖലയിൽ യുഎസ് നാവികസേനയുടെ സാന്നിധ്യം തുടരുകയാണ്. അടുത്ത 72 മണിക്കൂറിനുള്ളിൽ ചർച്ചകൾക്ക് സാധ്യതയുണ്ടെന്നു ട്രംപ് പറഞ്ഞു. എന്നാൽ, അമേരിക്കയുടെ ഉപരോധവും വാഗ്ദാന ലംഘനവുമാണ് ചർച്ചകൾക്ക് തടസ്സമെന്ന് ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ്ക്യൻ പ്രതികരിച്ചു. അതേസമയം, ലെബനൻ–ഇസ്രയേൽ പ്രതിനിധികൾ വാഷിംഗ്ടണിൽ രണ്ടാം ഘട്ട ചർച്ച നടത്തും.

❁❁❁❁❁❁❁❁❁❁❁❁❁

## WAR-FLIGHT CUTS

പശ്ചിമേഷ്യൻ യുദ്ധത്തെത്തുടർന്ന് ഇന്ധനവില കുതിച്ചുയരുന്ന സാഹചര്യത്തിൽ ജർമൻ വ്യോമയാന കമ്പനിയായ ലുഫ് താൻസ ഒക്ടോബർ വരെയുള്ള 20,000 സർവീസുകൾ റദ്ദാക്കി. ഫ്രാങ്ക്ഫർട്ട്, മ്യൂണിക് വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ചുള്ള സർവീസുകളെയാണ് ഇത് ബാധിക്കുക. യുദ്ധം തുടങ്ങിയ ശേഷം വിമാന ഇന്ധനവില ഇരട്ടിയിലധികമായാണ് വർധിച്ചത്.

## RANDHIR JAISWAL - INTRO

പശ്ചിമേഷ്യയിൽ സമാധാനവും സ്ഥിരതയും നിലനിർത്തുന്നതിനുള്ള എല്ലാ ശ്രമങ്ങളും സ്വാഗതം ചെയ്യുന്നതായി വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ. ന്യൂഡൽഹിയിൽ അന്തർ മന്ത്രാലയ വാർത്താസമ്മേളത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സമാധാന പ്രവർത്തനങ്ങൾക്കൊപ്പമാണ് ഇന്ത്യയെന്നും അദ്ദേഹം വ്യക്തമാക്കി.

(VOICE)

## KERALA - HEAT WAVE

കേരളത്തിൽ കനത്ത ചൂട് തുടരും. പാലക്കാട് ജില്ലയിൽ ഈ വർഷത്തെ ഏറ്റവും ഉയർന്ന ചൂട് ഇന്നലെ മലമ്പുഴയിൽ

രേഖപ്പെടുത്തി. 41.1 ഡിഗ്രി സെൽഷ്യസ്. മുണ്ടൂരിൽ 40.2 ഡിഗ്രിയും ആലത്തൂരിൽ 40.1 ഡിഗ്രി സെൽഷ്യസുമാണ് പകൽ താപനില. ചൂട് ഉയരുന്ന സാഹചര്യത്തിൽ വേനൽക്കാല പ്രതിരോധ പ്രവർത്തനങ്ങൾ ചർച്ച ചെയ്യാൻ ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടെ യോഗം ഇന്നലെ ചേർന്നു. കൊല്ലത്ത് 39 ഡിഗ്രി സെൽഷ്യസ് വരെയും; കോട്ടയംത്ത് 38 ഡിഗ്രി സെൽഷ്യസ് വരെയും താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകി. പൊതുജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും അറിയിച്ചു. സംസ്ഥാനത്ത് ചിലയിടങ്ങളിൽ ഇടിമിന്നലോട് കൂടിയ മഴയ്ക്കും സാധ്യതയുണ്ട്.

## SUMMER CLASSES

ഉഷ്ണതരംഗ സാധ്യത പരിഗണിച്ച് പത്തനംതിട്ട ജില്ലയിലെ എല്ലാ സ്കൂളുകളിലെയും ട്യൂഷൻ സെൻ്ററുകളിലെയും വേനൽക്കാല അവധിക്കാല ക്ലാസുകൾ നിരോധിച്ചു. ഹയർ സെക്കൻഡറി വരെയുള്ള എല്ലാ ക്ലാസുകൾക്കും ഇത് ബാധകമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആവശ്യമെങ്കിൽ ഓൺലൈൻ ക്ലാസ് നടത്താമെന്നും നിർദ്ദേശമുണ്ട്.

## IPL CRICKET

ഐപിഎൽ ക്രിക്കറ്റിൽ ലഖ്നൗ സൂപ്പർ ജയന്റ്സിനെതിരെ രാജസ്ഥാൻ റോയൽസിന് 40 റൺസിന്റെ ജയം. 160 റൺസ് വിജയലക്ഷ്യം പിന്തുടർന്ന ആതിഥേയർക്ക് 18 ഓവറിൽ 119 റൺസെടുക്കാനേ സാധിച്ചുള്ളൂ. ഏഴ് മത്സരങ്ങളിൽനിന്ന് 10 പോയിന്റുമായി രാജസ്ഥാൻ രണ്ടാംസ്ഥാനത്താണ്. ഇന്ന് രാത്രി 7.30-ന് മുംബൈ വാംഖഡെ സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരത്തിൽ മുംബൈ ഇന്ത്യൻസ്, ചെന്നൈ സൂപ്പർകിംഗ്സിനെ നേരിടും.

❁❁❁❁❁❁❁❁❁❁❁❁❁

## ISL

ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്, ഒഡീഷ എഫ് സിയെ നേരിടും. കൊച്ചി ജവാഹർലാൽ നെഹ്റു സ്റ്റേഡിയത്തിലാണ് മത്സരം.

❁❁❁❁❁❁❁❁❁❁❁❁❁

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്ത് ഈ മാസം 26-ന് രാവിലെ 11- മണിക്ക്. പരിപാടിയുടെ 133-ാം പതിപ്പാണിത്. ആകാശവാണിയിലും ദൂരദർശനിലും പരിപാടി തത്സമയം ലഭ്യമാകും. മൻ കി ബാത്തിലേക്ക് നാളെ വരെ അഭിപ്രായങ്ങൾ പങ്കുവയ്ക്കാം.

❁❁❁❁❁❁❁❁❁❁❁❁❁

## ACHAPPAS ALBUM

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള ദേശീയ ചലച്ചിത്ര വികസന കോർപറേഷൻ നിർമിച്ച 'അച്ചപ്പയുടെ ആൽബം' എന്ന മലയാള ചിത്രം നാളെ പ്രദർശനത്തിനെത്തും. ദീപ്തി പിള്ള ശിവനാണ് ചിത്രം സംവിധാനം ചെയ്തിരിക്കുന്നത്.

## WORLD BOOK DAY

ഇന്ന് ലോക പുസ്തക ദിനം. വിശ്വസാഹിത്യകാരന്മാരായ വില്യംസ് ഷേക്സ്പിയർ, മിഗ്വെൽ സെർവാൻറസ്, ഗാർസിലാസോ ഡി ല വേഗ എന്നിവരുടെ ചരമദിനമാണ് പുസ്തക ദിനമായി ആചരിക്കുന്നത്. യുനസ്കോയുടെ നേതൃത്വത്തിലാണ് ദിനാചരണം സംഘടിപ്പിക്കുന്നത്. പുസ്തകദിനത്തോടൊപ്പം പകർപ്പവകാശദിനമായും ഏപ്രിൽ 23 ആചരിക്കുന്നു.